ദ്രവ-ഖര മാലിന്യ സംസ്കരണ പദ്ധതി

250 (1724) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസന്നൻസ് എക്കോ ബയോ സിസ്റ്റം (ദ്രവ-ഖരമാലിന്യ-സംസ്കരണ പദ്ധതി) നടപ്പിലാക്കുന്നതിന് 3-10-2013-ന് സെക്രട്ടറിതല മീറ്റിംഗ് നടത്തിയതിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മീറ്റിംഗിന്റെ തീരുമാന പ്രകാരം ശുചിത്വ മിഷൻ ഏതെല്ലാം സംസ്കരണ പ്ലാന്റുകൾ സന്ദർശിച്ചതിന് ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ;

(സി) പ്രസ്തുത സംസ്കരണ പദ്ധതി വിജയകരമായ രീതിയിൽ പ്രവർത്തിപ്പിച്ചു വരുന്ന വിവരം ശുചിത്വ മിഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 3-10-2013-ന് കൂടിയ സെക്രട്ടറിതല മീറ്റിംഗിന്റെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത മീറ്റിംഗിന്റെയടിസ്ഥാനത്തിൽ 11-10-2013-ൽ ശ്രീ. പ്രസന്നകുമാറിന് സർക്കാർ നൽകിയ കത്തിന്റെ പകർപ്പ് ശുചിത്വമിഷനിൽ ലഭ്യമായിട്ടുണ്ട്. ടി കത്തിൽ പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ശുചിത്വമിഷനിലും ഗവൺമെന്റിലും സമർപ്പിക്കുവാൻ ശ്രീ. പ്രസന്നകുമാറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ നിന്നും കുറച്ച് യൂണിറ്റുകൾ സെലക്ട് ചെയ്ത് ആയതിന്റെ കാര്യക്ഷമത പരിശോധിച്ച് ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തി റിപ്പോർട്ട് നൽകാനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. പ്രസന്നകുമാർ നൽകിയ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പൂർണ്ണമായും ഉൾപ്പെടുത്തിയിരുന്നില്ല. ആയത് 28-10-2013-ലെ കത്ത് പ്രകാരം സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ടി സിസ്റ്റം പരിശോധിക്കാൻ ശുചിത്വമിഷന് കഴിഞ്ഞിട്ടില്ല. തുടർന്ന് 10-6-2015-ൽ ശുചിത്വമിഷനിൽ കൂടിയ സാങ്കേതിക സമിതി ടി പ്രൊപ്പോസൽ പരിശോധിക്കുകയും ശ്രീ. പ്രസന്നകുമാറിൽ നിന്നും നേരിൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഇക്കോ ബയോ സിസ്റ്റത്തിന്റെയടിസ്ഥാനത്തിൽ ശാസ്ത്രീയ തെളിവുകൾ, എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യയുടെ വിശദാംശങ്ങൾ ഒന്നും വ്യക്തമാക്കുവാൻ ടിയാന് കഴിഞ്ഞിരുന്നില്ല. ടി

LIBRARY ARCHIVES Kerala Legislative Assembly

സമിതിയുടെ തീരുമാനപ്രകാരം ശ്രീ. പ്രസന്നകുമാറോ ടി സിസ്റ്റം വ്യക്തമായി അറിയാവുന്ന മറ്റൊരാളോ ശുചിത്വമിഷൻ നിശ്ചയിക്കുന്ന സാങ്കേതിക സമിതി മുമ്പാകെ ആയതിനുള്ള ശാസ്ത്രീയമായ തെളിവുകൾ സഹിതം വിവരണം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

(സി) പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റം ചില സ്ഥലങ്ങളിൽ നടപ്പിലാക്കിയതായി ശ്രീ. പ്രസന്നകുമാർ ലിസ്റ്റ് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ കാര്യക്ഷമത ശുചിത്വമിഷൻ നേരിട്ട് വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ശുചിത്വ മിഷനിൽ ലഭ്യമാക്കിയിട്ടില്ല.

പുതിയ മുനിസിപ്പാലിറ്റികളാക്കിയ പഞ്ചായത്തുകളിലെ ജീവനക്കാരുടെ പുനർ നിയമനം

251 (1725) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ച അവസരത്തിൽ നിലവിൽ പഞ്ചായത്തുകളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ പുനർനിയമനം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളും മുനിസിപ്പാലിറ്റികളുമായി ലയിപ്പിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുതൽ ക്ലാർക്കുവരെയുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽനിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരെ പഞ്ചായത്ത് വകുപ്പിൽത്തന്നെ നിലനിർത്തുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

മണ്ഡല ആസ്തി വികസന പദ്ധതി

252 (1726) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പൊയ്യമരാമത്ത് വകുപ്പ് ചെയ്യുന്ന ഗ്രാമീണ റോഡുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly